പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1360 02.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് ഇതര വരുമാനം

ചോദ്യം

ശ്രീമതി.പി. അയിഷാ പോറ്റി

ഉത്തരം

തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി. കൈക്കൊണ്ടുവരുന്ന നടപടി ക്രമങ്ങൾ വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം / ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും ബസ്സുകളിലും ബസ്സ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയത് വഴിയും, കോഫീവെൻഡിംഗ് മെഷീൻ, എ.ടി.എം എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവീസ് നടത്തിയും കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റിതര വരുമാനം ലഭിച്ചു വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസ് നടത്തുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | കെ.എസ്.ആർ.ടി.സിയുടെ ബസ്സുകളിൽ കൊറിയർ പാഴ്സൽ സർവ്വീസ് നടത്തിപ്പിനായി ലേലം/ടെണ്ടർ മുഖേന ട്രാക്കോൺ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. വരുമാനത്തിന് ആനുപാതികമായി കെ.എസ്.ആർ.ടി.സിയ്ക്ക് വിഹിതം ലഭിച്ചുവരുന്നു. ഏറ്റവും കുറഞ്ഞത് പ്രതിമാസം 2 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയായും<br>വരുമാനം 25 ലക്ഷം രൂപ വരെ 22%<br>വരുമാനം 50 ലക്ഷം രൂപ വരെ 27%<br>വരുമാനം 75 ലക്ഷം രൂപ വരെ 32%<br>വരുമാനം 1 കോടി രൂപ വരെ 35%<br>വരുമാനം 1 കോടിയ്ക്കുമേൽ 40%<br>എന്നീ ക്രമത്തിലാണ് വരുമാന വിഹിതം ലഭ്യമായി വരുന്നത്. |
| (സി) | കെ.എസ്.ആർ.ടി.സി യിൽ ട്രാവൽ കാർഡ് സമ്പ്രദായം തുടരുന്നുണ്ടോ; ട്രാവൽ കാർഡ് സമ്പ്രദായം കെ.എസ്.ആർ.ടി. സി യ്ക്ക് അധിക വരുമാനം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) | തുടരുന്നുണ്ട്.<br>കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിനായാണ് പരീക്ഷണാടിസ്ഥാനത്തിൽ ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയത്. ടി സംവിധാനം ഇതിനോടകം ജനസ്വീകാര്യത നേടി കഴിഞ്ഞിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 1,48,40,500 രൂപ ട്രാവൽ കാർഡുകളുടെ വിൽപനയിലൂടെ കെ.എസ്.ആർ.ടി. സി.ക്ക് വരുമാനമായി ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**